**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3381** **25-10-2021 - ൽ മറുപടിയ്ക്ക്**

**അഴീക്കൽ തുറമുഖത്തെ ഡ്രെഡ്ജിംഗ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | അഴീക്കൽ തുറമുഖത്ത് നിലവിൽ ഡ്രെഡ്ജിംഗ് നടത്തുന്നുണ്ടോയെന്നും ഡ്രെഡ്ജിംഗ് നടത്തുന്നത് എത്ര മീറ്ററിലാണെന്നും ആയത് നടക്കുന്നില്ലായെങ്കിൽ എന്തുകൊണ്ടാണെന്നും തടസങ്ങളുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും നൽകാമോ; | (എ) | അഴീക്കൽ തുറമുഖത്ത് അടിയന്തരമായി 4 മീറ്റർ ആഴത്തിലും പിന്നീട് 7 മീറ്ററിലേയ്ക്കും ഡ്രഡ്ജിംഗ് നടത്താനാണ് ഉദ്ദേശിക്കുന്നത്. താല്പര്യപത്രമോ/ ദർഘാസോ ക്ഷണിച്ച് കപ്പൽ ചാനലിന്റെ ആഴം കൂട്ടുന്ന പ്രവൃത്തി നടത്താനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | നിലവിൽ അഴീക്കൽ പോർട്ടിലുള്ള ഡ്രെഡ്ജിംഗ് മെറ്റീരിയൽ നീക്കം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (ബി) | ഉണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും എത്രയും വേഗം മണൽ നീക്കം ചെയ്യാൻ ടെണ്ടർ വിജയിയ്ക്ക് നിർദ്ദേശം നല്കുന്നതുമാണ്. |
| (സി) | എത്ര ടൺ ഡ്രെഡ്ജിംഗ് മെറ്റീരിയൽ തുറമുഖ ബർത്തിൽ കൂട്ടിയിട്ടിട്ടുണ്ടാകുമെന്നുള്ളതിന്റെ കണക്ക് വിശദമാക്കാമോ? | (സി) | ഡ്രഡ്ജിംഗ് മെറ്റീരിയൽ നീക്കം ചെയ്യുന്ന മുറയ്ക്ക് മാത്രമേ ഇത് സംബന്ധിച്ച കണക്ക് ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ